**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5171** **21-03-2025 - ൽ മറുപടിയ്ക്ക്**

**പച്ചക്കറിക്ക് തറവില നിശ്ചയിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പച്ചക്കറിയ്ക്ക് തറവില നിശ്ചയിക്കുന്ന പദ്ധതിയ്ക്കായി 2024-25 സാമ്പത്തികവർഷം നീക്കിവച്ച തുകയിൽ മുപ്പത് ശതമാനം പോലും ചെലവഴിച്ചിട്ടില്ല എന്നത് വസ്തുതയാണോ; | (എ) | 2024-25 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന വില പദ്ധതിയ്ക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സാമ്പത്തിക നിയന്ത്രണങ്ങളുടെ ഭാഗമായി 25.00ലക്ഷം രൂപയായി പരിമിതപ്പെടുത്തുകയും നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ലഭ്യമായ മുഴുവൻ തുകയും (24.99960 ലക്ഷം രൂപ) കർഷകർക്ക് വിതരണം ചെയ്തിട്ടുമുണ്ട്. |
| (ബി) | അൻപത് ലക്ഷം രൂപ വകയിരുത്തിയ പദ്ധതിയിൽ ആ തുക ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (ബി) | 2024-25 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന വില പദ്ധതിയ്ക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സാമ്പത്തിക നിയന്ത്രണങ്ങളുടെ ഭാഗമായി 25.00ലക്ഷം രൂപയായി പരിമിതപ്പെടുത്തുകയും നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ലഭ്യമായ മുഴുവൻ തുകയും (24.99960 ലക്ഷം രൂപ) കർഷകർക്ക് വിതരണം ചെയ്തിട്ടുമുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ് അടിസ്ഥാന വില പദ്ധതി കാര്യക്ഷമമായി നടന്നു വരുന്നു. കൂടുതൽ വിളകളെ പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ